**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ലാൽ ദർശൻ എസ്, ജൂനിയർ കൺസൽട്ടന്റ് (സർജറി)- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ6/3884/2016/ജിമെആ തിരുവനന്തപുരം തീയതി 07.07.2017

2 GE/D/L236/4202 തീയതി 26.12.2017

3. കാരണം കാണിക്കൽ നോട്ടീസ് ഇഎ4- 60264/2017/ആവഡ തീയതി 23.02.2018

4. ഡോ ലാൽ ദർശൻ സമർപ്പിച്ച അപേക്ഷ തീയതി 27.03.2017

5. കത്ത് നം ഇഎ4- 60264/2017/ആവഡ തീയതി 09.05.2018

**ഉത്തരവ് നം. DHS/4073/2025-EA4 തീയതി.21-01-2026**

ഡോ ലാൽ ദർശൻ എസ് (Dr Lal Darsan S), 07.07.2014 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തിരുവനന്തപുരം പാറശ്ശാല താലൂക്കാസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (സർജറി) തസ്തികയിൽ സേവനത്തിലിരിക്കവെ 28.01.2016 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ക് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നോട്ടീസ് നൽകി. പരാമർശം (4) പ്രകാരം ഡോ ലാൽ ദർശൻ എസ് മറുപടി സമർപ്പിച്ചു.

(2). ഡോ ലാൽ ദർശൻ എസ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. 19.02.2016 ന് സർജറിയ്ക്കു വിധേയനായെന്നും കോഴിക്കോട് ഗവ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിന് ചേർന്നതായും 31.08.2017 മുതൽ 30.08.2020 വരെയുള്ള ഉപരിപഠനകാലയളവിന് ശേഷം ആരോഗ്യ വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് താല്പര്യമുള്ളതായും അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ അവധി അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം സമർപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഡോ ലാൽ ദർശൻ എസ് അവധി അപേക്ഷ സമർപ്പിക്കുകയോ കോഴ്സ് കാലാവധിയ്ക്കുശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയപ്പോഴാണ് ടിയാൾ യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെ ഉപരിപഠനത്തിന് പ്രവേശിച്ച വിവരം അറിയിച്ചത്. അവധി അനുവദിച്ച് ഉത്തരവാകാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ഡോ ലാൽ ദർശൻ എസ് ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ ലാൽ ദർശൻ എസ് സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 28.01.2016 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ലാൽ ദർശൻ എസ് ജൂനിയർ കൺസൾട്ടന്റ് (സർജറി)ന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ലാൽ ദർശൻ എസ് ജൂനിയർ കൺസൾട്ടന്റ് (സർജറി)ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 21-01-2026 18:38:58

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Lal Darsan S,**

**TC 19/1992(3), Surabhilam,**

**Poojappura- 695012**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

തിരുവനന്തപുരം

3. സൂപ്രണ്ട്,

താലൂക്കാസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ